"ഭരണഭാഷ - മാതൃഭാഷ"

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ളക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം: ഡിബി2/3196/2014/സിഇ/തസ്വഭവ

തീയതി: 23.04.2014

# സർക്കുലർ

വിഷയം:- തസ്വഭവ - വസ്തു നികുതി നിർണ്ണയം - നഗരസഭകളിൽ പ്രത്യേക പരിശോധന നടത്തുന്നത് - സംബന്ധിച്ച്

സൂചന:- നഗരകാര്യ ഡയറക്ടറുടെ 18.03.2014- ലെ ജി1-14264/2013 നമ്പർ കത്ത്.

സംസ്ഥാനത്തെ നഗരസഭകളിൽ ധാരാളം കെട്ടിടങ്ങൾ അസ്സസ്മെന്റിൽ നിന്നും ബോധപൂർവ്വം ഒഴിവായിട്ടുള്ളതായി നഗരകാര്യമേഖലാ ജോയിന്റ് ഡയറക്ടർമാർ മുഖേന നടത്തിയ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. ഇതുമൂലം നഗരസഭകൾക്കുണ്ടായിട്ടുള്ള നഷ്ടം വസൂൽ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുവാൻ നഗരകാര്യ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്. ആയതിലേക്ക് ഓരോ വാർഡിന്റേയും ചുമതലയുള്ള ഓവർസിയർ/ബിൽഡിംഗ് ഇൻസ്പെക്ടർ മുഖേന വിശദമായ പരിശോധന നടത്തുവാനും അവരവരുടെ അധികാര പരിധിയിൽ വരുന്ന മുഴുവൻ കെട്ടിടങ്ങളുടേയും ബിൽഡിംഗ് പെർമിറ്റ് നല്കിയ റിക്കോർഡുകളുമായി ഒത്തുനോക്കി കംപ്ലീഷൻ പ്ലാൻ ഹാജരാക്കുന്നതിന് നോട്ടീസ് നൽകുവാനും പ്രസ്തുത ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട ഓവർസിയർ/ബിൽഡിംഗ് ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നല്കേണ്ടതും ടി പ്രവൃത്തികൾക്ക് ബന്ധപ്പെട്ട അസിസ്റ്റന്റ് എൻജിനീയർമാർ, മുനിസിപ്പൽ/കോർപ്പറേഷൻ എൻജിനീയർമാർ എന്നിവർ മേൽനോട്ടം വഹിക്കണമെന്നും ഇതിനാൽ നിർദ്ദേശം നൽകുന്നു.

ചീഫ് എൻജിനീയർ